നിർത്തലാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ

38 (821)ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കുറവ് മൂലം നിർത്തലാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കെട്ടിടങ്ങൾ എന്തൊക്കെ ആവശ്യത്തിന് ആർക്കെല്ലാമാണ് കൈമാറിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചില സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്.

(ബി) **തിരുവനന്തപുരം ജില്ല**

1. പുത്തൻചന്ത എൽ.പി. സ്കൂളിന്റെ ഒരു കെട്ടിടം മുമ്പ് ശിശുവിഹാറിനും ഇപ്പോൾ തിരുവനന്തപുരം ഡി.ഡി.ഇ ഓഫീസിനും കൈമാറിയിട്ടുണ്ട്.

2. പുന്നപുരം ഗവ. എൽ.പി. സ്കൂൾ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് കൈമാറിയിട്ടുണ്ട്.

3. നന്ദാവനം ഗവ. എൽ.പി. സ്കൂൾ ആദ്യം ഹയർ സെക്കന്ററി ഡയറക്ടറേറ്റിനും പിന്നീട് സെന്റർ ഫോർ കരിയർ ഡെവലപ്പ്മെന്റ് സ്റ്റഡീസിനും കൈമാറിയിട്ടുണ്ട്.

അലപ്പുഴ ജില്ല

നിർത്തലാക്കിയ സ്കൂൾ കെട്ടിടങ്ങൾ സർക്കാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

ഇടുക്കി ജില്ല

ഗവൺമെന്റ് എൽ.പി. സ്കൂൾ ഡബിൾ കട്ടിംഗ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

പാലക്കാട് ജില്ല

ജി.എൽ.പി.എസ്. പട്ടാണിതെരുവ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആശ്രം സ്കൂളിന്റെ നടത്തിപ്പിന് വിട്ടുകൊടുത്തു.

കോഴിക്കോട് ജില്ല

1. ഗവ. എൽ.പി. സ്കൂൾ നെല്ലിക്കോട് - എം.സി.സി.ജി.എച്ച്. എസ് മെഡിക്കൽ കോളേജിന് വിട്ടുകൊടുത്തു.

2. ഗവ. എൽ.പി. സ്കൂൾ തിരുവാഴിക്കോട് ഐ.എച്ച്.ആർ.ഡിക്ക് വിട്ടു കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

3. ഗവ. എൽ.പി. സ്കൂൾ ശ്രീകണ്ഠേശ്വരം എൽ.ബി.എസ്സിന് കൈമാറിയിട്ടുണ്ട്.

കൊല്ലം, പത്തനംതിട്ട, കോട്ടയം. എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുടെ റിപ്പോർട്ട് ശേഖരിച്ച് നൽകുന്നതാണ്.

അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ

39 (822)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ എണ്ണവും അവ എവിടെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകൾ ഏതൊക്കെ മാനേജ്മെന്റിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ അപ്ഗ്രേഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ ഫാത്തിമ മാതാ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്തു.

(സി) വിജയപുരം ഡയോസിസ്, കോട്ടയം കോർപ്പറേറ്റ് മാനേജ്മെന്റ്.

(ഡി) 9.8.96-ലെ സർക്കാർ ഉത്തരവ് 139/94/പൊ.വി പ്രകാരം ചിന്നക്കനാലിൽ ഗവ. യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് കഴിവില്ലെന്ന് പി.ടി.എ.യും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അറിയിക്കുകയും ഫാത്തിമ മാതാ എൽ.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തിൽ ഒരു ഹൈസ്കൂളെങ്കിലും അനുവദിക്കണമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചത്.

എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

40 (823)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നിലവിലുള്ള ലോവർ പ്രൈമറി സ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly